File No.FWLD-B2/130/2019-FWLD

16980
3/10/19

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

കോഴിക്കോട് ടിംബർ സെയിൽസ് ഡിവിഷനിലെ ചാലിയം ഡിപ്പോയിൽ 04.12.2018-ാം തീയതി നടന്ന ഇ ലേലത്തിൽ മെ. ബ്ലെയ്സ് ഫർണീച്ചർ എന്ന സ്ഥാപനം ലേലം കൊണ്ട ലോട്ടുകളിൽ കാലാവധിക്കുള്ളിൽ നീക്കം ചെയ്യാത്ത ലോട്ടുകൾ ബാക്കി തുക ഒടുക്കി നീക്കം ചെയ്യുന്നതിന് കാലാവധി നീട്ടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.368/2019/വനം തീയതി,തിരുവനന്തപുരം, 16/09/2019

---

പരാമർശം:- അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്-ന്റെ 05/07/2019-ലെ പ്രൊ(4)-92488/19 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ടിംബർ സെയിൽസ് ഡിവിഷനിലെ ചാലിയം ഡിപ്പോയിൽ 04.12.2018-ാം തീയതി നടന്ന 23103/18-19-ാം നമ്പർ ഇ - ലേലത്തിൽ മെ. ബ്ലെയ്സ് ഫർണീച്ചർ എന്ന സ്ഥാപനം പതിനൊന്ന് ലോട്ടുകൾ നിരതദ്രവ്യമായ 50,000/- രൂപ ഒടുക്കി ലേലം കൊണ്ടിട്ടുള്ളതും, ടി സ്ഥാപനം ലേലംകൊണ്ട പതിനൊന്ന് ലോട്ടുകളുടെ വിലയിൽ 35% തുക 7 ദിവസത്തിനകം ഒടുക്കിയിട്ടുള്ളതും, അതിൽ അഞ്ച് ലോട്ടുകൾക്ക് ബാക്കി തുകയും നികുതികളും ഒടുക്കി തടി നീക്കം ചെയ്തിട്ടുള്ളതാണെന്നും, ബാക്കിയുള്ള 6 ലോട്ട് തടികളുടെ തുക ഒടുക്കി തടി നീക്കം ചെയ്യേണ്ട അവസാനതീയതി 16.04.2019 ആയിരുന്നുവെന്നും, എന്നാൽ ബാക്കി തുക ഒടുക്കാൻ ലേലക്കാരന് സാധിച്ചിട്ടില്ലാത്തതാണെന്നും, ബാക്കി തുക ഒടുക്കി തടി നീക്കം ചെയ്യുന്നതിന് ലേലക്കാരൻ തയ്യാറാണെന്നും മാനുഷിക പരിഗണന കണക്കിലെടുത്ത് ഉചിതമായ തീരുമാനത്തിനായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ സമർപ്പിച്ചിട്ടുണ്ടെന്നും മേൽ പരാമർശ കത്ത് പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

2) മെ. ബ്ലെയ്സ് ഫർണീച്ചർ എന്ന സ്ഥാപനം ലേലംകൊണ്ട ലോട്ടുകളിൽ, കാലാവധിക്കുള്ളിൽ തുക ഒടുക്കി നീക്കം ചെയ്യാത്ത ലോട്ടുകൾ ഇ - ലേല വ്യവസ്ഥയിലെ 14(b), 15(a) വ്യവസ്ഥകളിൽ ഇളവ് അനുവദിച്ചുകൊണ്ട് 16.04.2019-ന് മുമ്പ് ഒടുക്കേണ്ടിയിരുന്ന മുഴുവൻ തുകയും, തറവാടകയും, നികുതികളും, പിഴപലിശയും ഒടുക്കി തടി നീക്കം ചെയ്യുന്നതിന് സർക്കാർ ഉത്തരവിന് അപേക്ഷിക്കുന്നതിനൊപ്പം അതിനായി ഉത്തരവ് തീയതി മുതൽ 30

ദിവസം സമയപരിധി നിശ്ചയിച്ച് നൽകാവുന്നതാണെന്നും പരാമർശം പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) -ന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ മെ. ബ്ലെയ്സ് ഫർണീച്ചർ എന്ന സ്ഥാപനം ലേലംകൊണ്ട പതിനൊന്ന് ലോട്ടുകളിൽ, കാലാവധിക്കുള്ളിൽ തുക ഒടുക്കി നീക്കം ചെയ്യാത്ത 6 ലോട്ടുകൾ ഇ-ലേല വ്യവസ്ഥയിലെ 14 (b), 15 (a) വ്യവസ്ഥകളിൽ ഇളവ് അനുവദിച്ചുകൊണ്ട് 16.04.2019-ന് മുമ്പ് ഒടുക്കേണ്ടിയിരുന്ന മുഴുവൻ തുകയും, തറവാടകയും, നികുതികളും, പിഴപലിശയും ഒടുക്കിക്കൊണ്ട് തടി നീക്കം ചെയ്യുന്നതിന് മെ. ബ്ലെയ്സ് ഫർണീച്ചർ എന്ന സ്ഥാപനത്തിന് ഈ ഉത്തരവ് തീയതി മുതൽ 30 ദിവസത്തെ സാവകാശം നൽകുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺ സർ വേറ്റർ / അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)-നെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുല്ഫിക്കർ റഹ്മാന്.എ

ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ) കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by PRAVEEN KUMAR S
Date: 2019.09.1[illegible]:31 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്,

വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ. യ്ക്ക്.

വനം വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്.